പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:170 10/12/2012 - ൽ മറുപടിക്ക്

## മത്സ്യഗ്രാമപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി: |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശമേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കിയിരുന്നോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ എവിടെയൊക്കെയാണെന്ന വിശദാംശം അറിയിക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി മാതൃകാ മത്സ്യ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് 9 തീരദേശ ജില്ലകളിൽ താഴെ പ്പറയുന്ന മത്സ്യഗ്രാമങ്ങളാണ് മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ജില്ലയുടെ പേര് | മത്സ്യഗ്രാമം |
|---|---|---|
| 1 | തിരുവനന്തപുരം | വലിയതുറ |
| | | ചെറിയതുറ |
| | | കൊച്ചുതോപ്പ് |
| | | വലിയതോപ്പ് |
| 2 | കൊല്ലം | പുത്തൻതുറ |
| | | നീണ്ടകര |
| 3 | ആലപ്പുഴ | വലിയഴീക്കൽ |
| | | തറയിൽക്കടവ് |
| | | കള്ളിക്കാട് |
| | | ആറാട്ടുപുഴ |
| | | പതിയാങ്കര |
| | | തൃക്കുന്നപ്പുഴ |
| | | പല്ലന |

| | | |
|---|---|---|
| 4 | എറണാകുളം | ചെല്ലാനം |
| | | മാറാവുകാട് |
| | | കണ്ടക്കടവ് |
| | | കണ്ണാമാലി |
| | | ചെറിയകടവ് |
| 5 | തൃശ്ശൂർ | കൈപ്പമംഗലം |
| 6 | മലപ്പുറം | ചീരൻ കടപ്പുറം |
| | | ഇടക്കടപ്പുറം |
| | | ഓശന്നാക്കടപ്പുറം |
| | | ഇളരൻ കടപ്പുറം |
| | | പാണ്ടക്കടപ്പുറം |
| | | കോർമൻ കടപ്പുറം |
| | | പുതിയ കടപ്പുറം |
| 7 | കോഴിക്കോട് | മാറാട് |
| | | ബേപ്പൂർ |
| 8 | കണ്ണൂർ | അഴീക്കോട് |
| 9 | കാസർഗോഡ് | അജാനൂർ |
| 10 | തൃശ്ശൂർ | പൊയ്യ |
| | | ആനാപ്പുഴ |

(ബി) മത്സ്യഗ്രാമ പദ്ധതി പ്രകാരം ഓരോ സ്ഥലത്തും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് തുക സഹിതം അറിയിക്കുമോ;

(ബി) മത്സ്യഗ്രാമ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഭവനനിർമ്മാണം, കുടിവെള്ളം, സാനിട്ടേഷൻ, വൈദ്യുതീകരണം മത്സ്യമേഖല അടിസ്ഥാനസൗകര്യ വികസനം സാമൂഹ്യ അടിസ്ഥാനസൗകര്യ വികസനം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 160 കോടിരൂപ ചെലവഴിക്കുന്നതാണ്.

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂരിൽ മത്സ്യഗ്രാമം പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരു

(സി) അപേക്ഷ ലഭിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എൻ.ഐ.ആർ.ഡി) നടത്തിയ പഠനം അനുസരിച്ച് പരവൂർ മുനിസിപ്പാലിറ്റിയിലെ 1275 വീടുകളും, 1280 കുടുംബങ്ങളും ഉൾക്കൊള്ളുന്ന 16,17,18,20,21,22 വാർഡു

| | |
|---|---|
| ന്നുവോ; എങ്കിൽ അതിന്മേൽ പരിശോധന നടത്തി റിപ്പോർട്ട് ലഭിച്ചതിന്റെ വിശദാംശം അറിയിക്കാമോ; | കൾ ചേർന്നതാണ് പരവൂർ തെക്ക് വടക്ക് മത്സ്യഗ്രാമങ്ങൾ. ഇതിൽ 42% പേർക്ക് നല്ല വീടുകളും 55.08% മോശമല്ലാത്ത വീടുകളും 3.08% മോശം വീടുകളും ഉണ്ട്. 95.38% വീടുകളിലും വൈദ്യുതിയുണ്ട്. 3 അംഗനവാടികൾ, 1 പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവ ഗ്രാമത്തിലുണ്ട്.<br><br>ആവശ്യങ്ങൾ<br>1. 28 പുതിയ വീടുകൾ, 724 വീടുകളുടെ അറ്റകുറ്റ പണികൾ, ഭൂമി വാങ്ങി 9 വീടുകളുടെ നിർമ്മാണം.<br>2. 105 പുതിയ ടോയ്‌ലറ്റുകൾ, 385 ടോയ്‌ലറ്റുകളുടെ അറ്റകുറ്റ പണികൾ.<br>3. 27 വീടുകളുടെ വൈദ്യുതീകരണം.<br>4. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഐ.പി വാർഡ് സൗകര്യം.<br>5. 1 ഐസ് പ്ലാന്റ്, 1 മാർക്കറ്റ് നവീകരണം.<br>6. 1200 മീറ്റർ ഓടയുടെ അറ്റകുറ്റപണി.<br>7. 4 കി.മീ. റോഡ് അറ്റകുറ്റപണി.<br>8. 3500 മീറ്റർ പുതിയ റോഡ് നിർമ്മാണം മുതലായവ. |
| (ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറെ വസിക്കുന്ന പ്രദേശം എന്ന പരിഗണന നൽകി പരവൂരിൽ മത്സ്യഗ്രാമം പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ